# SSLC EXAMINATION,MARCH – 2015
## SOCIAL SCIENCE (Malayalam)
### ANSWER KEY

Total Score : 80

1. മൊണാലിസ, അവസാനത്തെ അത്താഴം, കന്യാമറിയം. (3)

2.
- വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്.
- സ്ഥാനീയ വിവരശേഖരണങ്ങളിൽ നിന്ന് ആവശ്യമായ വിവരങ്ങളെ വേർതിരിച്ചെടുക്കുന്നതിന്.
- വിവരങ്ങളുടെ സ്ഥാനീയ ബന്ധങ്ങളെ കണ്ടെത്തി വിശകലനം ചെയ്യുന്നതിന്.
- ഭൂതല സവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്.
- ദ്രുതഗതിയിലും ചെലവുകുറഞ്ഞ രീതിയിലും വിവരങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും.
- ഭൂവിവര വ്യവസ്ഥയിൽ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉപയോഗിച്ച് ഭാവി പ്രതിഭാസങ്ങളുടേയും പ്രക്രിയകളുടേയും ദൃശ്യമാതൃകകൾ സൃഷ്ടിക്കുന്നതിന്.
- പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി ഭൂപടങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ എന്നിവനിർമ്മിക്കുന്നതിന്.(2)

3.
- സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.
- അതിനുള്ള വരുമാനസ്രോതസ്സുകൾ.
- പ്രധാന ചെലവിനങ്ങൾ. (3)

4. ഉണ്ട്.
- പൊതുജനാഭിപ്രായം രൂപീകരിക്കുക.
- നയരൂപീകരണത്തിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- തിരഞ്ഞെടുപ്പുകൾ അർത്ഥവത്താക്കുക. (3)

5.
- ഫ്യൂഡൽ ഭരണരീതിയിൽനിന്ന് റിപ്പബ്ലിക്കൻ ഭരണത്തിലേക്കുള്ള മാറ്റം.
- പൊതുവിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കടമയാക്കി.
- ഗതാഗതരംഗത്ത് പുരോഗതി.
- കത്തോലിക്കാസഭയെ സർക്കാർ നിയന്ത്രണത്തിലാക്കി.
- ക്രോഡീകരിച്ച നിയമ സംഹിത രൂപീകരിച്ചു.
- കർഷകരെ ഫ്യൂഡൽ പ്രഭുക്കന്മാരുടെ പിടിയിൽനിന്നും മോചിപ്പിച്ച് ഭൂമിയുടെ ഉടമസ്ഥരാക്കി.
- പ്രഭുക്കന്മാരോടും പുരോഹിതന്മാരോടുമൊപ്പം സമൂഹത്തിൽ ഇടപെടാൻ മധ്യവർഗ്ഗത്തിന് അവസരം ലഭിച്ചു. (3)

6. A) <u>ആഗോളമർദ്ദമേഖലകൾ</u>
- മധ്യരേഖാ ന്യൂനമർദ്ദമേഖല :– ഭൂമധ്യരേഖയുടെ ഇരുവശങ്ങളിൽ ഏകദേശം $5^0$ മുതൽ $10^0$ വരെ.
- ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾ :- ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും ഏകദേശം $30^0$ അക്ഷാംശങ്ങളിൽ.
- ഉപധ്രുവീയ ന്യൂനമർദ്ദമേഖലകൾ :- ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും ഏകദേശം $60^0$ മുതൽ $70^0$ വരെ.
- ധ്രുവീയ ഉച്ചമർദ്ദമേഖലകൾ :- ഉത്തര ദക്ഷിണ ധ്രുവങ്ങളെ കേന്ദ്രീകരിച്ച് സ്ഥിതിചെയ്യുന്നു. (6)

Prepared by Alice Mathew, HSA (SS), Govt. HS Vechoor, Vaikom, Kottayam.
alice.mathew34@gmail.com Mob. 9497665184

Spandanam www.spandanamnews.blogspot.in

## B) ഹിമാലയൻ നദികൾ

- അതിവിസ്തൃതമായ വൃഷ്ടിപ്രദേശം.
- മഴയിൽ നിന്നും മഞ്ഞിൽനിന്നും ജലം, വർഷം മുഴുവൻ ജലലഭ്യത.
- അപരതന തീവ്രത കൂടുതൽ.
- ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത.

| നദി | ഉൽഭവസ്ഥാനം | പോഷകനദികൾ |
|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകത്തിനരികിലുള്ള കൈലാസ പർവ്വതത്തിലെ ഹിമാനികൾ | ഝലം, ചിനാബ്, രവി, ബിയാസ്, സത് ലജ് |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗായ് മുഖ്, അളകാപുരി ഹിമാനികൾ | യമുന, ഗോമതി, ഘാഗ്ര, ഗണ്ഡക്, കോസി, സോൺ, കെൻ, ബേട്ടുവ, ചമ്പൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ മാനസസരോവർ തടാകത്തിനരികിലുള്ള കൈലാസ പർവ്വത ത്തിലെ 'ചെമയൂങ് ദുങ്' ഹിമാനി | തിസ് ത, മാനസ്, ലൂഹിത്, സുബാൻസിരി |

7.

- ബാങ്കിംഗ് ശാഖകളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഏത് ശാഖയിൽ നിന്നും സേവനം നേടുന്നതിന് കഴിയുന്നു.
- സമയനഷ്ടം കുറവ്.
- ചെലവ് കുറവ്. (2)

8. 1993 ലെ മനുഷ്യാവകാശസംരക്ഷണ നിയമം

- പൗരാവകാശസംരക്ഷണം.
- മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധമായ നിയമങ്ങളുടെ പുനരവലോകനം.
- ഭരണനിർവ്വഹണരംഗത്തെ പരിഷ് ക്കരണങ്ങൾ.
- തടവറകളിലെ അതിക്രമങ്ങൾ തടയൽ.
- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യാവകാശ നിഷേധങ്ങൾ ഇല്ലാതാക്കൽ.
- വനിതകളുടേയും കുട്ടികളുടേയുംഅവകാശസംരക്ഷണം. (4)

9.

- മുകൾ ഭരണകൂടത്തിനു കീഴിലായിരുന്ന ബംഗാൾ പ്രവിശ്യയിൽ ഇംഗ്ലീഷ് ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞു.
- ഇംഗ്ലീഷുകാർ മുകൾ ഭരണകൂടത്തിൽനിന്ന് ദിവാനി അവകാശം സമ്പാദിച്ചു. (2)

10. (4)

| | A | B | C |
|---|---|---|---|
| a) | പാമീർകെട്ട് | മധ്യപർവ്വത ശ്രേണി | ഏഷ്യ |
| b) | മൗണ്ട് കിളിമൻജാരോ | ടാൻസാനിയ | ആഫ്രിക്ക |
| c) | വിൻസൺ മാസിഫ് | വെളുത്ത ഭൂഖണ്ഡം | അൻറാർട്ടിക്ക |
| d) | മധ്യഉന്നതതടങ്ങൾ | യുറാൽപർവ്വതനിര | യൂറോപ്പ് |

11.

- വിവിധ മേഖലകളിൽ നിന്നും ഒരു വർഷം ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും

ആകെ തുകയാണ് ദേശീയ വരുമാനം.

- ഇന്ത്യയിൽ ഇത്  മൊത്ത ആഭ്യന്തര ഉൽപാദനമായാണ് കണക്കാക്കുന്നത്. (2)

12.

- കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഭാവം.
- ആവശ്യമായ സമ്പത്തിന്റെ ലഭ്യതക്കുറവ്.
- ചെലവേറിയ ഉദ്യോഗസ്ഥ ഭരണരീതി.
- അംഗരാജ്യങ്ങൾ നൽകേണ്ട സാമ്പത്തിക വിഹിതം കൃത്യമായി നൽകാതിരിക്കൽ. (3)

13. A) രണ്ടാം ലോകമഹായുദ്ധം

- വേഴ്സായി  സന്ധിയിലെ അപമാനകരമായ വ്യവസ്ഥകൾ.
- അതിരുകടന്ന ദേശീയത.
- ഫാഷിസത്തിന്റേയും നാസിസത്തിന്റേയും വളർച്ച.
- സാമ്രാജ്യത്വരാജ്യങ്ങൾക്കിടയിലെ മത്സരം
- ജപ്പാൻ - മഞ്ചൂറിയ, ഇറ്റലി - അബിസീനിയ, ജർമ്മനി - റൈൻ പ്രദേശം ഇവ ആക്രമിച്ചത്.
- പ്രീണനനയം
- ജർമ്മനിയുടെ ചെക്കോസ്ലോവാക്യ അധിനിവേശം
- ജർമ്മനിയുടെ പോളണ്ടാക്രമണം. (6)

B) റഷ്യൻ വിപ്ലവം

- സാർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണം.
- കർഷകരുടേയും സാധാരണക്കാരുടേയു ദയനീയാവസ്ഥ.
- 1898 ൽ റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ രൂപീകരണം.
- ബോൾഷെവിക്കുകൾ - മെൻഷെവിക്കുകൾ  രൂപം കൊള്ളുന്നു.
- ബോൾഷെവിക്കുകൾ വിപ്ലവത്തിനും പണിമുടക്കിനും ആഹ്വാനം ചെയ്യുപ്പോൾ പരിഷ് കരണവും തെരഞ്ഞെടുപ്പും മതിയെന്ന്  മെൻഷെവിക്കുകൾ വാദിച്ചു.
- 1905 ൽ ജപ്പാനുമായി നടന്ന യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടതിനെ തുടർന്ന് സാർ ചക്രവർത്തിക്കെതിരെ വിപ്ലവം നടന്നു.
- 'ദ്യുമ' എന്ന പേരിൽ പാർലമെന്റ് രൂപീകരിക്കുന്നു.
- സാർ ചക്രവർത്തിക്കെതിരെ സമരം നടത്താൻ ബോൾഷെവിക്കുകൾ 'സോവിയറ്റ്' എന്ന പേരിൽ തൊഴിലാളികളുടേയും കർഷകരുടേയും സമിതികൾക്ക് രൂപം കൊടുത്തു.
- 1917 ലെ ഫെബ്രുവരി വിപ്ലവത്തെ തുർന്ന് അലക്സാണ്ടർ കെറൻസ്കി അധികാരത്തിൽ വരുന്നു.
- 1917 ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് ലെനിൻ അധികാരം പിടിച്ചെടുത്തു.
- തകർന്നുപോയ റഷ്യൻ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ യുദ്ധകാലകമ്മ്യൂണിസം, പുത്തൻ സാമ്പത്തികനയം, പഞ്ചവത്സരപദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു.

14. (4)

| മണ്ണിനം | സവിശേഷത | ഭൂപ്രകൃതി വിഭാഗം |
|---|---|---|
| കറുത്ത മണ്ണ് ( കറുത്ത പരുത്തി മണ്ണ്, റിഗർ) | ലാവാ ശിലകളിൽ നിന്നും രൂപം കൊള്ളുന്നു. ഫലപുഷ്ടി കൂടിയതും ഈർപ്പം ശേഖരിച്ച് വെക്കാൻ കഴിവുള്ളതുമായമണ്ണ്. | ഉപദ്വീപീയ പീഠഭൂമി |

15.

- സാമ്പത്തിക വളർച്ച – ഒരു രാജ്യത്തിന്റെ ഉൽപാദനത്തിൽ (വരുമാനത്തിൽ) മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന വർദ്ധനവ്.

Prepared by Alice Mathew, HSA (SS), Govt. HS Vechoor, Vaikom, Kottayam.
alice.mathew34@gmail.com Mob. 9497665184

- സാമ്പത്തിക വികസനം - ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ച. (2)

16.

- സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചു.
- ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ബാഹ്യ ഇടപെടലുകൾ.
- ഗോർബച്ചേവിന്റെ പരിഷ് ക്കാരങ്ങൾ.
- ആഭ്യന്തര പ്രശ്നങ്ങൾ.
- ഭരണരംഗത്തെ അഴിമതികൾ. (3)

17.

- പ്രതികൂല ചുറ്റുപാടുകളിൽ നിന്ന് ജനങ്ങൾ മാറി താമസിക്കുന്നു.
- അനുകൂല ഘടകങ്ങൾ പരമാവധി മുതലെടുത്ത് ചില പ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. (4)

18.

- ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടേയു സേവനങ്ങളുടേയും മേൽ ചുമത്തുന്ന തീരുവ ഘട്ടംഘട്ട മായി കുറയ്ക്കുക.
- കയറ്റുമതിക്ക് നൽകുന്ന സബ്സിഡി കുറയ്ക്കുക.
- കൃഷിക്ക് നൽകുന്ന സബ്സിഡി കുറയ്ക്കുക.
- പേറ്റന്റ് നിയമം പരിഷ് ക്കരിക്കുക.
- മാധ്യമങ്ങൾ, ടെലികോം, ബാങ്കിംഗ്, ഇൻഷ്വറൻസ്, തുടങ്ങിയ സേവനമേഖലകളിലും വിദേശനിക്ഷേപം അനുവദിക്കുക.
- വിദേശനിക്ഷേപങ്ങൾക്ക് ആഭ്യന്തരനിക്ഷേപങ്ങൾക്ക് നൽകുന്ന പരിഗണന നൽകുക. (3)

19.

- ഒരു കൃതിക്ക് പല അർത്ഥതലങ്ങൾ ഉണ്ടാകുമെന്നും അതിനാൽ ആ കൃതിയെ പലതരത്തിൽ വായിക്കാമെന്നുമുള്ള വാദഗതികളാണ് ഉത്തരാധുനീകത.
- മിഷേൽ ഫൂക്കോ, ഴാക്ക് ദെറീദ, നോം ചോംസ് കി. (3)

20.

- ജലപാതകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ചെലവ് കുറവാണ്.
- വായുമലിനീകരണം, ശബ്ദമലിനീകരണം ഇവ കുറവാണ്.
- വൻതോതിലുള്ള ചരക്ക് നീക്കത്തിന് അനുയോജ്യം. (2)

21.

- സിറിൽ റാഡ്ക്ലിഫ് - ലണ്ടനിലെ പ്രസിദ്ധനായ അഭിഭാഷകൻ. ഇന്ത്യാവിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കി.
- പോട്ടി ശ്രീരാമലു - തെലുങ്കു ഭാഷ സംസാരിക്കുന്നവർക്കായി ആന്ധ്ര സംസ്ഥാനം .
- ഹോമി. ജെ. ഭാഭ – അറ്റോമിക് എനർജി കമ്മീഷന്റെ അധ്യക്ഷൻ. (3 )

22.

- അന്തരീക്ഷത്തിലെത്തുന്ന സൾഫർ ഡയോക്സൈഡ് വാതകം മഴവെള്ളത്തിൽ ലയിക്കുമ്പോൾ അമ്ലമഴ യുണ്ടാകുന്നു.
- ജീവജാലങ്ങൾ, ശുദ്ധജലസ്രോതസുകൾ എന്നിവയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. (പവിഴപ്പുറ്റുകൾക്കും പോളിപ് സുകൾക്കും നാശം,സമുദ്രജലമലിനീകരണം) (2)

23. പ്രാദേശികവാദം

- സ്വന്തം രാജ്യത്തേക്കാൾ സ്വന്തം പ്രദേശത്തിന് പ്രാധാന്യം കൊടുക്കുന്നു.
- പ്രാദേശിക വാദത്തിനൊപ്പം ഭാഷയും മതവും ചേരുമ്പോൾ ഒറ്റദേശം എന്നതിനുപകരം പ്രാദേശിക

താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു. (3)

24. (4)

| | A | B |
|---|---|---|
| a) | ചാന്നാർ കലാപം | 1822 - 1859 |
| b) | പയ്യന്നൂർ ഉപ്പ് സത്യാഗ്രഹം | കെ. കേളപ്പൻ |
| c) | ഇ.എം.എസ്. നമ്പൂതിരിപ്പാട് | 'ഒന്നേകാൽ കോടി മലയാളികൾ' |
| d) | വൈക്കം സത്യാഗ്രഹം | ഇ.വി. രാമസ്വാമി നായ്ക്കർ |

25.

a) ഗോദാവരി

b) കണ്ട്ല തുറമുഖം

c) വിന്ധ്യ പർവതനിര

d) വാരണാസി (4)

Prepared by Alice Mathew, HSA (SS), Govt. HS Vechoor, Vaikom, Kottayam.
alice.mathew34@gmail.com Mob. 9497665184